# കേരള സർവകലാശാല

നം. പി.ആർ.139/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം

കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് തിരുത്തലിനായി അപേക്ഷ നൽകിയിരുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് ഒന്ന് ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് തിരുത്തൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയും തിരുത്തൽ വന്നിട്ടില്ലായെങ്കിൽ മാത്രം സർവകലാശാലയുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു. തിരുത്തൽ വരുത്തിയ പുതിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് തുടർന്നുള്ള പ്രവേശന നടപടികൾക്കായി ഉപയോഗിക്കണമെന്ന് അറിയിക്കുന്നു. ശരിയായി രേഖപ്പെടുത്തിയവർക്ക് ഇത് ബാധകമല്ല.

### ബി.എഡ് പ്രവേശനം ആഗസ്റ്റ് 12 വരെ

കേരള സർവകലാശാലയുടെ കീഴിലെ ട്രെയിനിംഗ് കോളേജുകളിൽ 2016-18 അധ്യയനവർഷത്തെ ബി.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 12 വരെ നീട്ടി. പ്രവേശനം ആഗ്രഹിക്കുന്നവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പ്രസ്തുത തീയതിക്ക് മുമ്പായി അതത് കോളേജുകളുമായി ബന്ധപ്പെടുക.

### പി.ജി (സി.എസ്.എസ്) തെറ്റുകൾ തിരുത്താം

കേരള സർവകലാശാല 2016-ലെ പി.ജി (സി.എസ്.എസ്) പ്രവേശന പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ അക്കാദമിക് വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ ആഗസ്റ്റ് രണ്ട് അഞ്ച് മണിക്കകം അവ തിരുത്തേണ്ടതാണ്. ശരിയായി രേഖപ്പെടുത്തിയവർക്ക് ഇത് ബാധകമല്ല.

### ഒന്നാം സെമസ്റ്റർ ഡിഗ്രി : പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരളാ സർവകലാശാല നടത്തുന്ന കരിയർ റിലേറ്റഡ് ഒന്നാം സെമസ്റ്റർ (2013 അഡ്മിഷന് മുമ്പുള്ളവർക്കുള്ള) പരീക്ഷകൾ ആഗസ്റ്റ് അഞ്ചിന് തുടങ്ങും. പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റങ്ങളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ടെക്, എം.പ്ലാനിംഗ്, എം.ആർക് തീസിസ് : തീയതി നീട്ടി

കേരള സർവകലാശാല ആഗസ്റ്റിൽ നടത്താനിരുന്ന 2013 സ്കീമിലെ അവസാന വർഷ എം.ടെക്, എം.പ്ലാനിംഗ് (ഹൗസിംഗ്), എം.ആർക് (അർബർ ഡിസൈൻ) കോഴ്സുകളുടെ തീസിസ് സർവകലാശാലയിൽ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 26-ലേക്ക് നീട്ടി.

## എം.എഡ് സീറ്റൊഴിവ്

**കേരള സർവകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ പഠനവകുപ്പിൽ ദ്വിവത്സര എം.എഡ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനത്തിനുള്ള പരീക്ഷയ്ക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് അഞ്ച് വൈകുന്നേരം അഞ്ച് മണിവരെയാണ്. ഫോൺ. 0471–2304718.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
30.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**